## പതിനാലാം കേരള നിയമസഭ

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2820 — 17/06//2019-ൽ മറുപടിയ്ക്ക്

**<u>തൊഴിലില്ലായ്മ വേതനം</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.സി.ജോർജ്: | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് തൊഴിലില്ലായ്മ വേതനം ലഭിക്കുവാൻ എന്തെല്ലാം നടപടിക്രമങ്ങളാണ് പാലിക്കേണ്ടതെന്ന് വിശദമാക്കാമോ ; | (എ) എസ്.എസ്.എൽ.സി-യോ തത്തുല്യ പരീക്ഷയോ പാസ്സായവരും, വാർഷിക കുടുംബവരുമാനം 12,000/- രൂപയിലും, പ്രതിമാസ വ്യക്തിഗത വരുമാനം 100/- രൂപയിലും കവിയാത്തവരും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് 18 വയസിനു ശേഷം തുടർച്ചയായി മൂന്ന് വർഷം തൊഴിലൊന്നും ലഭിക്കാതെ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ നിലനിർത്തുന്നവരും, മുപ്പത്തി അഞ്ച് വയസ്സ് കഴിയാത്തതുമായ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ രഹിത വേതനത്തിന് അപേക്ഷിക്കാവുന്നതാണ്. പട്ടികജാതി-പട്ടിക വർഗ്ഗക്കാരായ ഉദ്യോഗാർത്ഥികൾക്ക് എസ്.എസ്.എൽ.സി പരീക്ഷ പാസ്സാകണമെന്നില്ല. അവർ ടി പരീക്ഷയ്ക്ക് ഹാജരായാൽ മതിയാകും. അംഗപരിമിതരായ അപേക്ഷകർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് 18 വയസ്സിനു ശേഷം |

| | | | |
|---|---|---|---|
| | | | തുടർച്ചയായി രണ്ടു വർഷത്തെ സീനിയോറിറ്റിയും. പട്ടികജാതി/ പട്ടിക വർഗ്ഗക്കാരായ ഉദ്യോഗാർത്ഥികൾക്ക് തുല്യമായ വിദ്യാഭ്യാസ യോഗ്യതയും മതിയാകുന്നതാണ്. തൊഴിൽരഹിത വേതനം ലഭിക്കുന്നതിന് ഉദ്യോഗാർത്ഥി സ്ഥിരം താമസമായിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനം അപേക്ഷ പരിശോധിച്ച് ഗുണഭോക്താവിന് അർഹതയുള്ള പക്ഷം തൊഴിൽരഹിത വേതനം അനുവദിക്കുന്നതാണ്. |
| (ബി) | തൊഴിലില്ലായ്മ വേതനം ആയി എത്ര രൂപയാണ് നിലവിൽ നല്കിക്കൊണ്ടിരുന്നത്; പ്രസ്തുത തുക ഉയർത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ; | (ബി) | നിലവിൽ തൊഴിലില്ലായ്മ വേതനമായി 120/- രൂപയാണ് പ്രതിമാസം ഒരു ഉദ്യോഗാർത്ഥിയ്ക്ക് നൽകുന്നത്. പ്രസ്തുത തുക ഉയർത്തുവാൻ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല. |
| (സി) | സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്ന് എത്ര പേർ തൊഴിലില്ലായ്മ വേതനം വാങ്ങുന്നുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ? | (സി) | സംസ്ഥാനത്ത് 2018-19 സാമ്പത്തിക വർഷം ആകെ 1,63,373 പേർ തൊഴിലില്ലായ്മ വേതനം കൈപ്പറ്റിയിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ക്രമ നമ്പർ | ജില്ല | തൊഴിലില്ലായ്മ വേതനം കൈപ്പറ്റിയവരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 29,350 |
| 2 | കൊല്ലം | 32,968 |
| 3 | പത്തനംതിട്ട | 3,198 |
| 4 | ആലപ്പുഴ | 34,710 |
| 5 | കോട്ടയം | 3,780 |
| 6 | ഇടുക്കി | 1,325 |
| 7 | എറണാകുളം | 7,106 |
| 8 | തൃശ്ശൂർ | 6,822 |
| 9 | പാലക്കാട് | 7,835 |
| 10 | മലപ്പുറം | 11,703 |
| 11 | കോഴിക്കോട് | 15,815 |
| 12 | വയനാട് | 1,478 |
| 13 | കണ്ണൂർ | 4,001 |
| 14 | കാസർഗോഡ് | 3,282 |
| | **ആകെ** | **1,63,373** |

സെക്ഷൻ ഓഫീസർ